# പള്ളികുദാശാക്കാലം

## വചന വിചിന്തനം

### പള്ളികുദാശാക്കാലം ഒന്നാം ഞായർ

മത്താ 16,13-19

**യേശു ശിഷ്യൻമാരോടു ചോദിച്ചു,**
**"മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?"**
**ക്രിസ്തുവിന്റെ ചോദ്യത്തിനുമുമ്പിൽ ശിഷ്യൻമാർ വാചാലരായി...**
**ക്രിസ്തു വീണ്ടും ചോദിച്ചു,**
**"ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?"**
**നീണ്ട നിശബ്ദതയ്ക്ക് ശേഷം ശിമയോൻ പത്രോസ് പറഞ്ഞു,**
**"നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്!"**

ക്രിസ്തു വീണ്ടും ഇന്ന് എന്നോട് ചോദിക്കുന്നു,

## "ഞാൻ നിനക്ക് ആരാണ് ?"

*ജനകൂട്ടം വിളിച്ച് പറഞ്ഞു,*
*അവൻ*
*സ്നാപകയോഹന്നാനാണ്...*
*സത്യത്തിന്റെയും*
*നീതിയുടെയും*
*പക്ഷം ചേർന്നവൻ!*
*നീ ആരാണ്?*

ക്രസ്തു വീണ്ടും ഇന്ന് എന്നോട് ചോദിക്കുന്നു, "ഞാൻ നിനക്ക് ആരാണ്?" ഇത് തികച്ചും വ്യക്തിപരമായ ചോദ്യങ്ങളിൽ ഒന്നാണ്. യേശു കേസറിയാ ഫിലിപ്പിപ്രദേശത്ത് എത്തിയപ്പോൾ ശിഷ്യൻമാരോടു ചോദിച്ച ചോദ്യമുണ്ട്, മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? ഈ ചോദ്യത്തിന് എന്ത് ഉത്തരം വേണമെങ്കിലും സമ്മാനിക്കാം. അതുകൊണ്ട് തന്നെ ശിഷ്യൻമാർ പറഞ്ഞു, "ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു."

ഉത്തരം കടലിൽ വെള്ളം ഒഴിക്കുന്നത് പോലെ തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ ക്രിസ്തു വീണ്ടും അവരോടു ചോദിക്കുകയാണ്, "ശരി, ജനങ്ങൾ എന്നെ കുറിച്ച് മനസിലാക്കിയിരിക്കുന്നത് എനിക്ക് മനസിലായി. എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? അഥവാ, ഞാൻ നിനക്ക് ആരാണ്?" ഒരുപക്ഷെ, ശിഷ്യസമൂഹം പകച്ചുപോയിരിക്കണം ക്രിസ്തുവിന്റെ ഈ ചോദ്യത്തിന് മുമ്പിൽ. കാരണം, നീണ്ട മൂന്ന് വർഷക്കാലമായി ഗുരുവും നാഥനുമായ ക്രിസ്തുവിന്റെ കൂടെ ഊണിലും ഉറക്കത്തിലും കൂടെയുണ്ട്. എന്നിട്ടും, ഏറ്റവും നിസാരമെന്ന് തോന്നാവുന്ന, എന്നാൽ, ഏറ്റവും ആർജ്ജവത്ത്വമുള്ള ഈ ചോദ്യത്തിന് ഉത്തരം സമ്മാനിച്ചില്ലെങ്കിൽ, സമ്മാനിക്കുന്ന ഉത്തരം തെറ്റിപോയാൽ നാണകേടാണ്. ഇനിയെന്ത് ചെയ്യും. ശിഷ്യസമൂഹം പരസ്പരം മുഖത്തോട് മുഖം നോക്കിയിരിക്കുമ്പോഴാണ് ശിഷ്യപ്രമുഖനായ പത്രോസ് ക്രിസ്തു പ്രതീക്ഷിച്ചിരുന്ന ഉത്തരം സമ്മാനിക്കുന്നത്,

"നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവാണ്."

ഇന്ന് ക്രിസ്തു എന്നോട് ചോദിക്കുന്ന ഈ ചോദ്യത്തിന് ഞാൻ എന്ത് ഉത്തരം സമ്മാനിക്കും? "ഞാൻ ആരെന്നാണ് നീ പറയുന്നത്? അഥവാ, ഞാൻ നിനക്ക് ആരാണ്?" ആരോ പറഞ്ഞുവച്ചിരിക്കുന്നത് എത്രയോ ശരിയാണ്, "ക്രിസ്തീയ ജീവിതം ക്രിസ്തുവിനെ പറ്റിയുള്ള അറിവല്ല; മറിച്ച്, ക്രിസ്തുവിനെ അറിയലാണ് (Christianity never consists in knowing about Jesus but knowing Jesus)." എന്റെ

ജീവിതത്തിലൂടെ, എന്റെ വ്യക്തിപരമായ പ്രാർത്ഥനകളിലൂടെ, എന്റെ കുടുംബജീവിത്തിലൂടെ, സമൂഹ ജീവിത്തിലൂടെ, സേവനരംഗങ്ങളിലൂടെ എനിക്ക് ക്രിസ്തുവിനെ അനുഭവിച്ചറിയാൻ സാധിക്കുന്നുണ്ടോ? എന്നെ കണ്ടുമുട്ടുന്ന വരിലേയ്ക്ക്, ക്രിസ്തുവിനെ പങ്കുവച്ച് കൊടുക്കാൻ സാധിക്കുന്നുണ്ടോ?

"ഞാൻ ആരാണ്?" എന്നുള്ള ചോദ്യത്തിന് ഉത്തരം തേടിയുള്ള യാത്രയാണ് ഓരോ മർത്യജന്മവും. അതുകൊണ്ട് തന്നെയാണ് ക്രിസ്തു തന്റെ ശിഷ്യൻമാരുടെ അടുത്ത് ചോദിക്കുന്നത്, "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" വീണ്ടും കുറച്ചു കൂടി വ്യക്തിപരമായും ചോദിക്കുന്നത്, "ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?" വചനത്തെ മുമ്പിൽ വച്ച് നാം ഓരോരുത്തരും ചോദിക്കേണ്ട ചോദ്യവും ഇതിൽ നിന്ന് ഊരിതിരിഞ്ഞ് വരുന്നുണ്ട്.

### *"ഞാൻ ആരാണെന്നാണ് എന്റെ പ്രിയപ്പെട്ടവർ പറയുന്നത്?"*

"ഞാൻ ആരാണ് എന്നാണ് ഞാൻ പറയുന്നത്?" എന്ന് ചോദിച്ചാൽ എനിക്ക് സമ്മാനിക്കാൻ ഒരുപാട് ഉത്തരങ്ങളുണ്ട്. കാരണം, നാം നമ്മളെ പറ്റി ചിന്തിക്കുന്നത് വലിയ സംഭവമായിട്ടാണ്. എന്നെ കൂടാതെ ഒന്നും ഇവിടെ നടക്കില്ല എന്നൊക്കെയാണ്. അതുകൊണ്ട് തന്നെ "ഞാൻ ആരാണ്?" എന്നതിനുള്ള ശരിയുത്തരം എന്നെക്കാൾ നന്നായി എന്റെ പ്രിയപ്പെട്ടവർക്ക് ഉത്തരം സമ്മാനിക്കാൻ സാധിക്കും.

അസ്സീസിയിലെ രണ്ടാം ക്രിസ്തുവായ വി.ഫ്രാൻസിസിനെ കുറിച്ച് കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ സംഭവങ്ങളിലൊന്ന് ഇപ്രകാരമാണ്.

ഒരുനാൾ ഫ്രാൻസീസ് തന്റെ ഉറ്റസ്നേഹിതനായ ലിയോയുടെ കൂടെ വഴിയരികിലൂടെ ദൈവത്തെ സ്തുതിച്ച് ദൈവവചനത്തിന്റെ മഹത്വത്തെ കുറിച്ച് പങ്കുവച്ച് നടന്നു വരുന്നു. വഴിയരികിലൂടെ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസാണ് നടന്ന് വരുന്നത് എന്ന് തിരിച്ചറിഞ്ഞ, പാടത്ത് പണിയെടുക്കുന്ന, ഒരു കൃഷിക്കാരൻ അവിടെ നിന്ന് കയറിവന്ന് ഫ്രാൻസീസിനോട് ഒരു ചോദ്യം;

*ജനകൂട്ടം വിളിച്ച് പറഞ്ഞു,*
*അവൻ ഏലിയായാണ്...*
*സൈന്യങ്ങളുടെ*
*ദൈവമായ*
*കർത്താവിനെപ്രതി*
*തീക്ഷ്ണതയാൽ ജ്വലിച്ചവൻ!*
*നീ ആരാണ്?*

"നിങ്ങളാണോ, അസ്സീസിയിലെ ഫ്രാൻസീസ്?"

ഫ്രാൻസീസ് പറഞ്ഞു;

"അതേ, ഞാൻ തന്നെയാണ് അസ്സീസിയിലെ ഫ്രാൻസീസ്. എന്തു വേണം?"

അസ്സീസിയിലെ ഫ്രാൻസീസ് ഞാൻ തന്നെയാണ് എന്ന് ഫ്രാൻസീസ് പറഞ്ഞ ക്ഷണം വയലിൽ നിന്ന് കയറിവന്ന ആ മനുഷ്യൻ തിരിച്ച് പറയുകയാണ്;

"എല്ലാവരും പറയുന്നു, താങ്കൾ ഒരു വിശുദ്ധനാണെന്ന്! അങ്ങനെ തന്നെ ആയിരിക്കണം. വെറുതെ, മനുഷ്യനെയും ദൈവത്തേയും പറ്റിക്കരുത്!"

ഇതും പറഞ്ഞ്, ആ കൃഷിക്കാരൻ വയലിലേയ്ക്ക് തിരിച്ച് പോകുമ്പോൾ നിലത്ത് മുട്ടു കുത്തി ദൈവത്തെ സ്തുതിച്ചു കൊണ്ട് ഫ്രാൻസീസ് പറയുകയാണ്,

"ശാസിക്കാനും തിരുവഴിയെ നടത്താനും ദൈവം തന്നെ മനുഷ്യനായ് അവതരിക്കുന്നത് കണ്ടോ."

ക്രിസ്തു ആരാണ്? എന്നതിന് എന്നതിന് സ്വർഗ്ഗീയ പിതാവിന്റെ സാക്ഷ്യം വചത്തിൽ പല ഭാഗങ്ങളിലുണ്ട്.

ഈശോയുടെ മാമ്മോദീസ വേളയിൽ പിതാവായ ദൈവം തന്നെ പുത്രനായ ക്രിസ്തുവിനെ കുറിച്ച് സാക്ഷ്യം നൽകുന്നത് ഇപ്രകാരമാണ്, "ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17).

ഈശോയെ കുറിച്ച് ഏശയ്യാപ്രവാചകൻ പ്രവചിക്കുന്നു, "ഇതാ, ഞാൻ തിരഞ്ഞെടുത്ത എൻെറ ദാസൻ; എൻെറ ആത്മാവു പ്രസാദിച്ച എൻെറ പ്രിയപ്പെട്ടവൻ! ഞാൻ അവൻെറ മേൽ എൻെറ ആത്മാവിനെ അയയ്ക്കും; അവൻ വിജാതീയരെന്യായവിധി അറിയിക്കും. അവൻ തർക്കിക്കുകയോ ബഹളംകൂട്ടുകയോ

ഇല്ല; തെരുവീഥികളിൽ അവൻെറ ശബ്ദം ആരും കേൾക്കുകയില്ല. നീതിയെ വിജയത്തിലെത്തിക്കുന്നതുവരെ അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല; പുകഞ്ഞതിരി കെടുത്തുകയില്ല. അവൻെറ നാമത്തിൽ വിജാതീയർ പ്രത്യാശവയ്ക്കും" (മത്താ 12,18 - 21).

ഈശോയുടെ രൂപാന്തരീകരണവേളയിൽ പിതാവ് പുത്രനെകുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്, "ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവൻെറ വാക്കു ശ്രവിക്കുവിൻ" (മത്താ 17,5).

ലാസറിന് സൗഖ്യം സമ്മാനിക്കാൻ വരുന്ന കർത്താവിനെ കുറിച്ച് സഹോദരിയായ മർത്ത സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്, "കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു" (യോഹ 11,27).

ചുരുക്കത്തിൽ, ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം തന്നെ വലിയ സാക്ഷ്യമാണ്. എങ്ങനെ ജീവിച്ചാൽ ദൈവപുത്രരെന്ന് മറ്റുള്ളവരാൽ വിളിക്കപ്പെടാം എന്നതിനുള്ള വലിയ സാക്ഷ്യം. ക്രിസ്ത്യാനി ക്രിസ്തുവിനെ അനുദാവനം ചെയ്യുന്നവനാണ്. മറ്റൊരു ക്രിസ്തുവായ് ജീവിക്കുന്നവനാണ്. എന്നിട്ടും, ജീവിതത്തിൽ പലപ്പോഴും നാം തോറ്റു പോകുന്നു.

ഒരിക്കൽ ഒരു ശിഷ്യൻ സൂഫിവര്യനോട് ചോദിച്ചു,

"ഗുരോ , എന്തുകൊണ്ടാണ് ജീവിതമാകു പരീക്ഷയിൽ നമ്മിലധികം പേരും തോറ്റു പോകുത്?"

ഗുരു മറുപടി പറഞ്ഞു

"യഥാർത്ഥത്തിൽ ജീവിതമാകുന്ന പരീക്ഷ വളരെ ലളിതമാണ്. പക്ഷെ, നമുക്കോരോരുത്തർക്കും ദൈവം വെവ്വേറെ ചോദ്യപ്പേപ്പറാണ് നൽകുത്. ഇതറിയാതെ നാം അടുത്തിരിക്കുവന്റെ ഉത്തരം കോപ്പിയടിക്കാൻ ശ്രമിക്കുതുകൊണ്ടാണ് പരീക്ഷയിൽ തോറ്റുപോകുന്നത്."

ജനക്കൂട്ടം വിളിച്ച് പറഞ്ഞു,
അവൻ ജെറമിയയാണ്...
രക്ഷ സമ്മാനിക്കാൻ
വേണ്ടി പിഴുതെറിയാനും
ഇടിച്ച് തകർക്കാനും തകിടം
മറിക്കാനും
പണിതുയർത്താനും
നട്ടുവളർത്താനുമായ്
വന്നവനാണ് ജെറമിയ!
നീ ആരാണ്?

ക്രിസ്തുവിനെ കുറിച്ചുള്ള എന്റെ അറിവ്,

"അറിഞ്ഞത് കൈയ്യളവ്,
അറിയാത്തത് കടലളവ്.
പറയുവാനുണ്ടായിരുന്നു,
കഴിയാതെ ചുണ്ടുകൾ നിന്നു.
എഴുതുവാനുണ്ടായിരുന്നു,
കഴിയാതെ കൈവിരൽ നിന്നു...."

ദേശമംഗലം രാമകൃഷ്ണൻ



ഫാ. ജോബി മേനോത്ത് : +91 944 7777 931